"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം – പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവ് സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നത് - ധനകാര്യ വകുപ്പിൽ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് അനോമലി റെക്റ്റിഫിക്കേഷൻ സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം - എ) വകുപ്പ്**

**സ.ഉ.(കൈ) നം.92/2021/ധന തീയതി, തിരുവനന്തപുരം,18.08.2021**

---

പരാമർശം - 1) സ.ഉ.(കൈ) നം. 414/2019/ധന, തീയതി 06/11/2019.

2) സ.ഉ.(അച്ചടി) നം. 27/2021/ധന, തീയതി 10/02/2021.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിലേയ്ക്കായി പരാമർശം (1) ഉത്തരവ് പ്രകാരം പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ, ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും നിരവധി അപേക്ഷകൾ സർക്കാരിനു ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പതിനൊന്നാം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള അപാകതകൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ധനകാര്യ വകുപ്പിൽ ഒരു അനോമലി റെക്റ്റിഫിക്കേഷൻ സെൽ രൂപീകരിച്ചുകൊണ്ടും പ്രസ്തുത സെല്ലിന്റെ പ്രവർത്തനത്തിലേയ്ക്കായി

താഴെപ്പറയുന്ന തസ്തികകൾ ഒരു വർഷക്കാലത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോയിന്റ് സെക്രട്ടറി - 1

സെക്ഷൻ ഓഫീസർ - 1

അസിസ്റ്റന്റ് - 3

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ് - II), കേരള, തിരുവനന്തപുരം,
പൊതുഭരണ (എസ്.സി) വകുപ്പ്
(മന്ത്രി സഭായോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം.191 തീയതി 17.08.2021 പ്രകാരം)
ഡെപ്യൂട്ടി സെക്രട്ടറി (അക്കൗണ്ട്സ് -എ) വകുപ്പ്
ധനകാര്യ (അക്കൗണ്ട്സ് എ/ബി, ഭരണം-ബി, എസ്.എസ്) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സംഭരണ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 17-08-2021**

ഫയൽ നം. ഭരണം-എ1/28/2021-ധന.(ഇ-1731543). ഇനം നം: 191

വിഷയം : ധനകാര്യ വകുപ്പ് - ശമ്പളപരിഷ്കരണം - അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

JS (Adm)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

## കേരള സർക്കാർ

## ശ്രീ. പിണറായി വിജയൻ മന്ത്രിസഭ

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | (ഇ 1731543) ഭരണം.എ 1/28/2021-ധന |
| 2 | വകുപ്പ് | : | ധനകാര്യ വകുപ്പ് |
| 3 | വിഷയം | : | ശമ്പളപരിഷ്ക്കരണം- അനോമലി റെക്റ്റിഫിക്കേഷൻ സെൽ രൂപീകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23-04-2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഫയൽ ധനകാര്യ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. വിജയശ്രീ. എം. എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ സിംഗ് ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/08/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/08/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16/08/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16/08/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 17/08/2021 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ (കൈ) നം. 92/2021/ധന<br>തീയതി : 18.08.2021 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണത്തിനായി പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയും കമ്മീഷൻ സമർപ്പിച്ച ശുപാർശകളിൻമേൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിച്ചുകൊണ്ട് 10.02.2021 -ൽ സ.ഉ.(പി)നം.27/2021/ധന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ധനകാര്യ വകുപ്പിൽ ഇതിനോടകം തന്നെ ശമ്പളപരിഷ്കരണത്തിലെ അപാകതകളുമായി ബന്ധപ്പെട്ട് ധാരാളം നിവേദനങ്ങൾ ലഭിച്ചുകഴിഞ്ഞു. കൂടുതൽ നിവേദനങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. ധനകാര്യ വകുപ്പിലെ നിലവിലെ ജോലിഭാരം കണക്കിലെടുത്ത് നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ലാത്തതിനാൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് മാത്രമേ സെൽ രൂപീകരിക്കാൻ കഴിയുകയുള്ളൂ. ടി സാഹചര്യത്തിൽ, താഴെപറയുന്ന തസ്തികകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽ അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനു ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| ജോയിന്റ് സെക്രട്ടറി | - 1 |
| സെക്ഷൻ ഓഫീസർ | - 1 |
| അസിസ്റ്റന്റ് | - 3 |

## തീരുമാനം എടുക്കേണ്ട വിഷയം

10.02.2021 -ലെ സ.ഉ.(പി)നം.27/2021/ധന നം. ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുള്ള സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ വകുപ്പിൽ ചുവടെ ചേർക്കുന്ന തസ്തികകൾ ഒരു വർഷക്കാലത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ചുകൊണ്ട് അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിക്കാമോ?

| | |
|---|---|
| ജോയിന്റ് സെക്രട്ടറി | - 1 |
| സെക്ഷൻ ഓഫീസർ | - 1 |
| അസിസ്റ്റന്റ് | - 3 |

JS 12/8/21

12/8 12/8/21